# പതിനഞ്ചാം കേരള നിയമസഭ
## ഏഴാം സമ്മേളനം

2022 ഡിസംബർ 7, ബുധൻ

## കാര്യവിവരപ്പട്ടിക

**1.** **ചോദ്യങ്ങൾ** :
പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങൾ ചോദിക്കുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്യുന്നതാണ്.

**2.** **മന്ത്രിയുടെ പ്രസ്താവന** :
2022 ആഗസ്റ്റ് 29 – ാം തീയതിയിലെ 86– ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ട് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പ്രസ്താവന നടത്തുന്നതാണ്.

**3.** **ശ്രദ്ധ ക്ഷണിക്കൽ** :

(1) പിന്നാക്ക – ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് മുടക്കുകയും പട്ടികജാതി – പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തി തടസ്സപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്രസർക്കാർ നടപടി സൃഷ്ടിക്കുന്ന പ്രതിസന്ധിയിലേക്ക് ശ്രീ. എം. വിജിൻ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

(2) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും കാരണം പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കുറുക്കോളി മൊയ്തീൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്.

**4.** **റിപ്പോർട്ടുകളുടെ സമർപ്പണം :**

(1) റവന്യൂ – ഭവനനിർമ്മാണ വകുപ്പുമന്ത്രിയും രണ്ടാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. കെ. രാജൻ താഴെപ്പറയുന്ന ബില്ലുകളിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(i) 2022–ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ.

(ii) 2021–ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി ) ബിൽ.

(2) വൈദ്യുതി വകുപ്പുമന്ത്രിയും ഏഴാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. കെ. കൃഷ്ണൻകുട്ടി താഴെപ്പറയുന്ന ബില്ലുകളിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്.

(i) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

(ii) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ.

**5.** **<u>നിയമനിർമ്മാണകാര്യം</u>** :

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും :

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(ii) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iii) 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(iv) 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

(v) 2022-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ.
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2022 ഡിസംബർ 6.

എ. എം. ബഷീർ,
സെക്രട്ടറി.

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Seventh Session

*Wednesday, December 7, 2022*

## LIST OF BUSINESS

**I. Questions:**

Questions entered in the separate list to be asked and answered.

**II. Statement by Minister:**

Shri. Roshy Augustine, Minister for Water Resources to make a statement correcting the answer given to Starred Question No 86 on August 29, 2022.

**III. Calling Attention:**

(1) Shri. M. Vijin to call the attention of the Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Devaswoms and Parliamentary Affairs to the crisis created by the Central Government's decision to block the Pre-matric scholarship of the backward classes and minorities students and by including unnecessary stipulations to check the Post-matric scholarship to scheduled caste and scheduled tribe students.

(2) Shri. Kurukkoli Moideen to call the attention of the Minister for Agriculture to the necessity to take steps to help farmers in crisis due to slash in prices of agricultural produce and hike in price of daily necessities.

**IV. Presentation of Reports:**

(1) Shri. K. Rajan, Minister for Revenue and Housing and Chairman, Subject Committee – II to present the Reports of the Subject Committee on the following bills:

(i) The Kerala Protection of River Banks and Regulation of Removal of Sand (Amendment) Bill, 2022.

(ii) The Kerala Land Reforms (Amendment) Bill, 2021.

(2) Shri. K. Krishnankutty, Minister for Electricity and Chairman, Subject Committee – VII to present the Reports of the Subject Committee on the following bills:
   (i) The Kerala Abkari Workers' Welfare Fund (Amendment) Bill, 2022.
   (ii) The Kerala Motor Transport Workers' Welfare Fund (Amendment) Bill, 2022.

**V. <u>Legislative Business</u>:**

Introduction and Motion for reference to Subject Committee of the following Bills:

(i) The University Laws (Amendment) (No.2) Bill, 2022.
(Discussion to be concluded)

(ii) The University Laws (Amendment) (No.3) Bill, 2022.
(Discussion to be concluded)

(iii) The Kerala Clinical Establishments (Registration and Regulation) Second Amendment Bill, 2022.
(Discussion to be concluded)

(iv) The Non-Resident Indians' (Keralites) Commission Amendment Bill, 2022.
(Discussion to be concluded)

(v) The Kerala Document Writers', Scribes' and Stamp Vendors' Welfare Fund (Amendment) Bill, 2022.
(Discussion to be concluded)

Secretariat of the Kerala Legislature,
Thiruvananthapuram,
December 6, 2022.

A. M. Basheer,
Secretary.